(സി) അഡ്മിഷൻ പ്രക്രിയ പൂർത്തിയാക്കി ഓരോ സ്കൂളും റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കേ ഇത് അറിയാൻ കഴിയുകയുള്ളൂ.

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ഓപ്പൺ സ്കൂൾ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

പ്ലസ്ടു ക്ലാസ്സുകളിലെ ഭാഷാപാഠപുസ്തകങ്ങൾ

122 [3106] *ശ്രീ. പി. കെ. കെ. ബാവ:*
,, സി. ടി. അഹമ്മദ് അലി:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലസ്വൺ ക്ലാസ്സുകളിലെ ഭാഷാപാഠപുസ്തകം ഈ വർഷം പരിഷ്കരിച്ചതുപോലെ പ്ലസ്ടു ക്ലാസ്സുകളിലെ ഭാഷാ പാഠപുസ്തകങ്ങൾ അടുത്ത വർഷം പരിഷ്കരിക്കുമോ;

(ബി) പ്ലസ്വൺ, പ്ലസ്ടു പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനായുള്ള കരിക്കുലം കമ്മിറ്റിയുടെ കാലാവധി 2005 മേയ് 31-ന് അവസാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ പ്ലസ്വൺ, പ്ലസ്ടു ക്ലാസ്സുകൾക്കായുള്ള കരിക്കുലം കമ്മിറ്റി ഉടനെ പുനഃസംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

123 [3107] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
,, രാജു എബ്രഹാം:
,, എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കുമോ; 1:40 എന്ന അനുപാതം ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം വിദ്യാർത്ഥികളുടെ എണ്ണത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എത്രമാത്രം കുറവ് ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ട്; സംസ്ഥാനത്ത് അംഗീകാരം ഇല്ലാത്ത സ്കൂളുകൾ എത്ര; അവയിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്;

(ഇ) വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവുമൂലം എത്ര അദ്ധ്യാപക തസ്തികകൾ ഈ വർഷം കുറവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടപ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 ആണ്. 1:45 അനുപാതത്തിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ ഡിവിഷൻ കുറവ് വരുന്നതുമൂലം നിലവിലുള്ള അദ്ധ്യാപകർക്ക് പിരിഞ്ഞു പോകേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അത്തരം സ്കൂളുകളിൽ ഒരു പ്രത്യേക ആനുകൂല്യം എന്നനിലയിൽ മുൻ വർഷങ്ങളിൽ ഈ അനുപാതം 1:40 ആക്കുന്നതിന് സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ 2-5-2005-ലെ 11/ജി2/2005/പൊ.വി.വ നമ്പർ സർക്കുലർ പ്രകാരം 2005-2006 അദ്ധ്യയന വർഷം മുതൽ ഇത് അനുവദിക്കുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അനുബന്ധമായി വച്ചിട്ടുണ്ട്. †

(ഡി) അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 6.55% വർദ്ധന ഉണ്ടായിട്ടുണ്ട്. ആകെ ആയിരത്തി എണ്ണൂറിൽപ്പരം സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിൽ ഹൈസ്കൂൾ വിഭാഗത്തിൽ ആകെ പതിനാറായിരത്തിൽപ്പരം കുട്ടികൾ പഠിക്കുന്നു.

(ഇ) ഈ വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിഷൻ 2010 പദ്ധതി

124 [3108] *ശ്രീ. പി. എസ്. സുപാൽ:*

,, *മാങ്കോട് രാധാകൃഷ്ണൻ:*

,, *പി. നാരായണൻ:*

,, *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസമേഖലയുടെ പരിവർത്തനത്തിനായി വിഷൻ 2010 എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ ഈ പദ്ധതി എന്നു മുതലാണ് നടപ്പിലാക്കി തുടങ്ങിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി സംബന്ധിച്ച് ഏതെങ്കിലും വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ വിശദമാക്കുമോ;

(സി) നിലവിൽ ഈ പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) — (സി) നടപ്പിലാക്കി തുടങ്ങിയിട്ടില്ല. അടുത്ത അഞ്ചു വർഷത്തേക്കുള്ള സംസ്ഥാനത്തെ വികസന പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് "കേരള വിഷൻ-2010" എന്ന പേരിൽ ഒരു കർമ്മ പദ്ധതി 2005 നവംബർ 1-ന് മുൻപ് തയ്യാറാക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പരിപാടികൾ വകുപ്പിന്റെ പരിഗണനയിലാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[3-8-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (3002), (3021), (3029), (3095) എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

LIBRARY ARCHIVES Kerala Legislative Assembly